

# ഫാറൂഖ് വഴിയും നിലാവും


സി.പി. അഷ്റഫ്

*രണ്ടാംവർഷ ബി.കോം.*


മൂർദ്ധാവിൽ എരിഞ്ഞുതീരുന്ന
ആയുസ്സിന്റെ വിളക്കിൽ
ആയിരം തിരികളാഞ്ഞു കത്തിയിട്ടും
ഒരു വെൺ പാറ്റപോലും
വഴിതെറ്റിയെത്താതിരുന്നപ്പോഴാണ്
പുലരിയുടെ പിതാവ് കാട്ടിലേക്ക് പോയത്.........
മുൻപേ പോയവരാരോ കുഴിച്ചുവെച്ച
പൊട്ടക്കിണറിൽ നിന്നും
സമുദായം ആർത്താർത്തുകരയുന്നത്
കാടിന്റെ എല്ലാം മറപ്പിക്കുന്ന
നിശ്ശബ്ദതക്കിടയിലും
അദ്ദേഹത്തിന് കേൾക്കാമായിരുന്നു............
ജീവിതം വെച്ചുനീട്ടിയ
പദവിക്കുപ്പായങ്ങൾ ഓരോന്നായ് അഴിച്ചെടുത്ത്,
പിതാവ് ദൈവവുമായുള്ള
കുടിച്ചേരലുകളിൽ മുഴുകി...
ഇടക്കെപ്പഴോ ആണ്, സമുദായത്തിന്റെ
ഈച്ചയാർക്കുന്ന മുറിവുകൾക്ക്
മറുമരുന്ന് തേടിയിറങ്ങിയ
കുഞ്ഞാലിക്കുട്ടി ഹാജി എന്ന സമുദായ സ്നേഹി
കാട്ടിലെത്തുന്നത്
വിധി നിയോഗം പിതാവിനെയും,
കുഞ്ഞാലി കുട്ടിഹാജിയെയും
ഒരു മഹാപ്രയാണത്തിന്റെ തുടക്കക്കാരാക്കി
ഗണിത നിയമം തെറ്റിച്ച്
രണ്ട് സമാന്തരങ്ങൾ കൈചേർത്ത് വെച്ച്
വനാന്തരത്തിലെ
ഏതോ ഇടുങ്ങിയ ഗുഹാമുഖത്ത് നിന്നും
'അലാവുദ്ദീന്റെ അത്ഭുത വിളക്കി'ന് നാളംപകർന്നു...

എല്ലാത്തിനും സാക്ഷിയായ കാലം
അതിന്റെ ഭാഷയിൽ
എന്റെ വളർച്ചയുടെ ജാതകം രേഖപ്പെടുത്തി
കാടിന്റെ നിശ്ശബ്ദ വഴികളിൽ നിന്ന്
എന്റെ പിറവി ക്കരച്ചിൽ മുഴങ്ങി


**ഇ**നിയൊരു നിയോഗത്തിന്റെ കഥപറയാം
കാട്ടിൽ നിന്നും കുഞ്ഞാലിക്കുട്ടി ഹാജി
നേരെ പോയത് ആനക്കയത്തുള്ള
തന്റെ വീട്ടിലേക്കായിരുന്നു.
അവിടെ പിതാവിന്റെ കീഴിൽ
ചെറിയൊരു പഠന കേന്ദ്രമാരംഭിച്ചു.....
പിന്നെയത് മഞ്ചേരിയിലേക്കും
ഒടുക്കം ഫറോക്കിലെ
മൂന്നിലകം തറവാട്ടിലേക്കും പറിച്ചു നട്ടു.......
കൂടെ കൂടെ പഠിതാക്കളുടെ എണ്ണം
പെരുകിയപ്പോൾ മൂന്നിലകം വീടും
നിസ്സഹായതയുടെ നെടുവീർപ്പുകളിട്ടു..........
പിതാവിന്റെ
കർമ്മകാണ്ഡത്തെക്കുറിച്ചറിഞ്ഞവരാരോ
പറഞ്ഞു കൊടുത്തു
''ഫറോക്ക് ചുങ്കത്ത് നിന്നും വടക്കോട്ടുള്ള
സുൽത്താൻ റോഡിലൂടെ പോയാൽ
കരിങ്കല്ലായ്കുന്നിലെ
ഇരുമുളിപ്പറമ്പിലെത്താം''......
പകൽ പോലും ആരും ഒറ്റക്ക്
പോകാനിഷ്ടപ്പെടാത്ത, ചാലിയാർതീരത്തെ
പേടിപ്പെടുത്തുന്ന
ഈ വിജനത പിതാവിനും കൂട്ടർക്കും നന്നേ പിടിച്ചു.
സ്ഥലമുടമയെക്കണ്ട് കാര്യമവതരിപ്പിച്ചു...
പദ്ധതിയിലാകൃഷ്ടനായ സ്ഥലമുടമ
ആവശ്യമായ ഭൂമി ദാനമായി അളന്ന് നൽകി.

**ഇ**നിപറയേണ്ടത്
എന്റെ ഭൂമി ശാസ്ത്രത്തെക്കുറിച്ചാണ്.....
മലപ്പുറത്തിന്റെ ത്യാഗ സന്നദ്ധതയും,
കോഴിക്കോടിന്റെ ഔദാര്യതയും
ഒത്തുചേരുന്ന
ഈ അതിർത്തി ഭൂമിതന്നെ
എന്റെ വളർച്ചയുടെ തട്ടകമായതിന് പിന്നിലും
ഒരു ചുരുളുണ്ട്...
സാഹചര്യങ്ങളുടെ കലക്കു വെള്ളത്തിൽ
അലിഞ്ഞില്ലാതാകുന്ന സമുദായ ചിത്രമോർത്ത്

ഉറക്കം നഷ്ടമായ പലരാവുകളിലും
പിതാവ് പറയുമായിരുന്നു
'ഫാറൂഖ്, ഫാറൂഖ്..
ഈ ശബ്ദം എന്റെ സ്വപ്നങ്ങളെ
മുഖരിതമാക്കുന്നു........
അവിടെയൊരു സ്ഥാപനമുണ്ടാക്കണം'
കാലം
ആ വാക്കുകൾക്ക് ശരിയിടുകയായിരുന്നു.
മനുഷ്യരെപ്പോലെ
സ്ഥലങ്ങൾക്കും ജാതകമുണ്ടെങ്കിൽ
ഇരുമൂളിപ്പറമ്പിന്റെ ജാതകം,
ചരിത്രത്തിൽ നിന്ന് വേർപ്പെട്ടുപോകുമായിരുന്നൊരു
സമുദായത്തിന്
പുതിയൊരാകാശം നൽകിയതിന്റേതാണ്........

**ചാ**ലിയാർ പുഴയിലൂടെ കാലം
പിന്നെയുമൊലിച്ചുപോയി.
വിളക്കു തെളിച്ചു മുന്നിൽ നടക്കാൻ
പിതാവും വഴികളെ നിറക്കാൻ
സമുദായത്തിന്റെ, മനമറിഞ്ഞ
സാന്നിദ്ധ്യവുമുണ്ടായപ്പോൾ,
പതുക്കെ ഈ നഗരി ഉണരാൻ തുടങ്ങി.....
കല്ലും മുള്ളും കാഞ്ഞിരക്കുറ്റികളും
നിറഞ്ഞ ഈ വിജനതയിൽ
വീണ്ടെടുപ്പിന്റെ വിജ്ഞാനപ്പുരകൾ
ഓരോന്നായ് തലപൊക്കി വന്നു...

**ഇ**നി സ്വാഗതം രാജവഴികളിലേക്ക്.....
ഇരുമുളിപ്പറമ്പിൽ നിന്നും



ഫാറുഖാബാദിലേക്കുള്ള യാത്രയുടെ
ആയിരം കഥകൾ പറയാൻ
ഓരോ സമുചരയങ്ങൾക്കുമുണ്ടാകും.........
അനിവാര്യമായ ഈ അറിവുകളിലേക്ക് നിന്നെയും
ക്ഷണിക്കുകയാണ്.....

***രാജാഗേറ്റ്.....***


നിന്റെ വഴിയവസാനിക്കുന്നതിവിടെയാണ്,
ജീവിതത്തിലേക്കുള്ള പുതു വഴി തുറക്കുന്നതും...
ദൂരെ നിന്ന് നോക്കുമ്പഴേ
എന്റെയീ തലയെടുപ്പുള്ള ഉമ്മറപ്പടി
നിന്റെ കാഴ്ചയെ വിസ്മയിപ്പിച്ചിരിക്കാം.....
ഒരു മൽപ്പിടുത്തത്തിൽ
സാഹചര്യങ്ങളെയും പതിവുരീതികളെയും
മലർത്തിയടിച്ചതിന്റെ ഓർമ്മപ്പെടുത്തൽ
കൂടിയാണീ രാജമുദ്ര....
രാജാ അബ്ദുൽ ഖാദർ ഹാജി
എന്ന മഹാമനീഷിയുടെ
നിറവുള്ള ചിത്രം
മനസ്സിലൊന്നു കൂടെ
വരച്ചു തീർത്ത്
വിജ്ഞാനങ്ങളുടെ
പൂന്തോട്ടത്തിലേക്കുള്ള
ഈ രാജവാതിൽ നിന
ക്കായ് തുറന്നിടുകയാ
ണ്.......

***ആസാദ്......***

ദൂര ദേശങ്ങളിൽ നിന്ന്
ചിറകടിച്ചെത്തിയവ
രൊക്കെ
ആദ്യം തലചായ്ച്ചത്
ഈ
തണൽപാടിലാണ്..
പുറമെ നിന്ന് നോക്കു
മ്പോൾ
ഇതൊരു കേവല
കൽസ്തൂപം,
എന്നാൽ പിറവി
തൊട്ടേ സജീവമായി
രുന്നു
ആസാദിന്റെ ചുവരു
കൾക്കകം.....
വർത്തമാനത്തിന്റെ

ആകാശത്തെ
അലങ്കരിക്കുന്ന പല വിളക്കുകളും തെളിഞ്ഞു
തുടങ്ങിയത് ആസാദിന്റെ സന്ധ്യയിൽ നിന്നാണ്.
പണ്ട് കുഞ്ഞാലി എന്നൊരു പയ്യൻ
ആസാദിന്റെ കൽപടവിലിരുന്ന്
കൂട്ടുകാരെ കുടുകുടാ ചിരിപ്പിക്കുമായിരുന്നു
അവന്റെ ചിരി കാമ്പസും കടന്ന്
മലയാളത്തിന്റെ അഭ്രപാളിവരെയത്തി.........
കുഞ്ഞാലി ബഹദൂറായി..... ആസാദിനഭിമാനിക്കാൻ
ഒരു മകനെക്കൂടി കിട്ടി....

**പൂ**മുഖം കടന്നെത്തുന്നവരൊക്കെ
ആദ്യനോട്ടമെറിയുന്നത്
ഈ ശിൽപ ഭംഗിയിലേക്കാണ്.......
പകലൊച്ചകളടങ്ങിയ ആകാശച്ചോട്ടിൽ
രാത്രിയുടെ നിഴൽ നിറയുമ്പോൾ
ഈ അറിവിന്റെ തേനറകളിൽ നിന്ന്
വരും കാലത്തിന്റെ കടലിരമ്പം കേൾക്കാം.........
ഞാൻ ചിറക് നൽകി ആകാശച്ചെരുവിലേക്ക്
വിട്ട പലരും, പടയൊഴിഞ്ഞ
സായന്തനങ്ങളിൽ പൂവും പുന്തേനും
നിറഞ്ഞ
ഈ മുറ്റത്തെത്തുന്നത്
ആരുമറിയുന്നില്ലെങ്കിലും, ഇവിടുത്തെ
കാറ്റാടിയും ബോഗൻ വില്ലകളും




ആ കഥ പറയും......
എന്നെ ഈ വിധം ചമയി
ച്ചൊരിക്കിയതിന്
മുൻ സാരഥികളോട്
ഞാൻ ഹൃദയപൂർവ്വം കട
പ്പെട്ടിരിക്കുന്നു.....

**അ**ക്ഷരത്തിന്റെ മൂർച്ചയി
ലായിരുന്നല്ലോ

ഇവിടുത്തെ കാഞ്ഞിരക്കുറ്റിയിലും,
പാലമരങ്ങളിലും
തലകീഴായ് കിടന്നിരുന്ന
പിന്നാക്കത്തിന്റെ വേതാളങ്ങൾ തലയറ്റു വീണത്.....
അക്ഷരങ്ങളെ കൊലക്ക് വിധിച്ചു
പിരിയുന്നനവലോകക്രമങ്ങളുടെ
കോടതി മുറ്റത്ത്,
വാക്കുകളുടെ വസന്തമാഘോഷിക്കുകയാണിപ്പഴും
ഈ അക്ഷരപ്പുര.....
ഇരുമുളിപ്പറമ്പിന്റെ
മുഴുവൻ പ്രാകൃത ഭാവങ്ങളും
കണ്ട പഴയക്കൂട്ടിൽ നിന്ന്
സാങ്കേതിക സംവിധാനങ്ങളുടെ
സകല സാധ്യതകളും ആവാഹിച്ചെടുത്ത
പുതിയ പുരയിടത്തിലേക്ക്
മുന്നേറ്റത്തിന്റെ ചുവടുവെക്കാൻ
ഇനി നാൾകുറിക്കപ്പെടുകയേ വേണ്ടൂ........

ഞാനെപ്പഴും നടന്നത് കാലത്തിന്
ഒരു ചുവട് മുമ്പെയായിരുന്നല്ലോ...........
അരനൂറ്റാണ്ട്മുമ്പ് ഉന്നത പഠന കേന്ദ്രങ്ങളുടെ
മേൽവിലാസം പോലും വായിച്ചിട്ടില്ലാത്ത
സമുദായത്തിന് ഞാൻ വഴിയും
വഴികാട്ടിയുമായി ................
എന്റെ നിഴലിൽ വളർന്ന്
സമുദായം ജീവിത വഴിയിൽ
പുതിയ ചക്രവാളങ്ങൾ പണിതു
എങ്കിലും എനിക്കുറങ്ങാറായിട്ടില്ല
ഉന്നത ഭരണ രംഗങ്ങളിലെ
സമുദായ സാന്നിധ്യത്തെക്കുറുച്ച് പറയുമ്പോൾ
വീണ്ടും തൊണ്ട വറ്റുകയാണ്.........
പരിഹാരത്തെക്കുറിച്ച് അനർത്ഥങ്ങൾ പറഞ്ഞ്
ഇരുൾകൊണ്ട് ദ്വാരമടക്കുന്നതിന് പകരം
എന്റെ വിഹിതം ഞാൻ നൽകിക്കഴിഞ്ഞു
ഉയരാനിരിക്കുന്ന സിവിൽസർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്...
സാഹചര്യങ്ങളെ തൊട്ടറിഞ്ഞ കുറെ സമുദായ
സ്നേഹികളാണിതിന്റെയും വിത്ത് പാകിയത്..........
വരും കാലത്തിന്റെ ഭരണ വഴികളിൽ
എന്റെ മുദ്രകൾ നിറക്കാൻ ഇതുമതിയാകും...........

സാങ്കേതിക സംവിധാനങ്ങളുടെ വളർച്ചയിൽ
ലോകം നമുക്ക് മുമ്പിൽ
ചുരുണ്ടുകൂടുന്നത്




ഒരു ഞെട്ടലോടെയെങ്കിലും
ഞാനും നീയും അറിയുന്നുണ്ടല്ലോ.......
ഈ അറിവിന്റെ ഉൾക്കാഴ്ചയിലാണ്
പുതിയ കാലത്തിന്റെ ലിപികൾ കൂട്ടി വായിക്കേണ്ടത്.
വിരൽ തുമ്പിലെ വിജ്ഞാന ലോകത്തിലേക്ക്
എന്റെ മക്കളെ വഴി നടത്താൻ
ഒരുക്കപ്പെട്ട ഈ സംരംഭത്തിന്റെ
സൂത്രധാരകരെയും നീയറിയേണ്ടതുണ്ട്...
സമ്പത്ത് ദയാലുവാക്കിയ
ഹൈദരാബാദിലെ വ്യവസായ പ്രമുഖൻ
സഹൃദയനായ പി.കെ.സലീം.....
എന്റെ മരുപ്പച്ചയിൽ നിന്ന്
അക്ഷരങ്ങൾ കൊത്തിയെടുത്ത്
വാക്കുകളുടെ വിസ്മയ പ്രപഞ്ചം പണിത
പ്രമുഖ പാർലിമെന്റേറിയൻ–
ജനാബ് അബ്ദുസമദ് സമദാനി...
എന്റെ വളർച്ചയിൽ കർമ്മസാക്ഷാത്കാരത്തിന്റെ
സംതൃപ്തി കണ്ടെത്തുന്ന
ജനസേവകൻ ഇ. അഹമ്മദ് സാഹിബ്.....
ഇതിൽ ആദ്യ രണ്ടുപേരും
എന്റെ സന്തതികളാണെന്ന സത്യം
എന്റെ ഉള്ള് നിറക്കുന്നു....

അവരുടെ ഉപമയിങ്ങനെ,
കരിമ്പാറകളുടെ ഉൾത്തടത്തിൽ നിന്നും
പിറവികൊണ്ട നദി
കടൽക്കാറ്റ് തേടിയുള്ള
പ്രയാണത്തിനിടയിൽ
തന്റെ ഉത്ഭവത്തിലേക്ക്
തിരിഞ്ഞുനോക്കുന്നതിനെക്കുറിച്ച്
നീ കേട്ടിട്ടുണ്ടോ....
എനിക്കിപ്പോഴതനുഭവപ്പെടുന്നു.....

**മു**മ്പെ നടന്നവരെക്കുറിച്ച് പറയാതെ
നമുക്ക് പിരിയാനാവില്ല
വിശന്നും കരഞ്ഞും കണ്ണടഞ്ഞ്
പോകുമായിരുന്ന ആദ്യനാളുകളിൽ
നെഞ്ചടുപ്പിലെ കനലൂതിയൂതി
കണ്ണിലെ ഉപ്പുവറ്റിച്ചത്
അവരായിരുന്നല്ലോ........
എന്റെ രാവുകളെ പാടിയുറക്കി
പലപ്പോഴും ഗീതവും ഗായകനുമൊന്നായ
നേരങ്ങളെക്കുറിച്ച്
ഈ ഇലക്കണ്ണുകളോരോന്നും സാക്ഷിപറയും
തെക്കൻ കേരളത്തിലെ കുലീന
കുടുംബത്തിൽ പിറന്ന്,
ലക്ഷങ്ങൾ സമ്പാദിക്കുന്ന
ഒരു ബാരിസ്റ്ററാവാമായിരുന്നിട്ടും
ജീവിതത്തിന്റെ വസന്തം മുഴുവൻ
എനിക്കു വേണ്ടിയുരുക്കിത്തീർത്ത
സീതി സാഹിബ്....
'ഓരിക്കുറുക്കൻമാർ ഓരിയിടുന്ന
കരിങ്കല്ലായ് കുന്നെന്ന്' എന്നെവിശേഷിപ്പിച്ച്
തൂലികയും നാവും
എന്റെ വളർച്ചക്ക് നേർച്ചയാക്കിയ
ആ രണ്ടക്ഷര മുതലാളി
സി.എച്ച്......
മുൻപേ നടന്നവരെക്കുറിച്ചുള്ള ഓർമ്മകൾ
മേഘമായിഴഞ്ഞെത്തി
ആവേശമായി പെയ്തിറങ്ങി
എന്റെ പ്രാർത്ഥനയുടെ കണ്ണീർ
പുഴക്ക് നീളം കൂടുകയാണ.....

**ഈ** വിളക്കത്തിരുന്നവരാരും
ജീവിതത്തെക്കുറിച്ച് പരാതി പറഞ്ഞിട്ടില്ല
വന്നവർക്കൊക്കെ ആവോളം നൽകിയാണ്
യാത്രയാക്കിയത്.
നാടിന്റെ രാഷ്ട്രീയ ഭൂപടത്തിൽ
ഹരിത വസന്തം തീർത്തവർ
രാജ്യാതിർത്തികൾക്കപ്പുറത്തും
വിലപ്പെട്ട സാന്നിധ്യമായിത്തീർന്നവർ...........
ആ പ്രവാഹത്തിന്റെ പിൻനിര
ഇപ്പഴും രൂപപ്പെടലിന്റെ മറയ്ക്കപ്പുറത്താണ്.
ഒരു ഭൂകമ്പത്തിനോ, മലവെള്ളത്തിനോ
എന്നെയില്ലാതാക്കാനാവില്ല.
ഞാനെന്നത് ഈ സമുച്ചയങ്ങളോ
ഗോപുരങ്ങളോ അല്ല.
ആഴങ്ങളിലും ആകാശങ്ങളിലും
വേരുറപ്പിച്ച വൃക്ഷ സാന്നിധ്യമാണ്....
വെളിച്ചത്തിനും മീതെയൊരു വെളിച്ചം.........
തണലുകൾക്കുള്ളിലുമൊരു തണൽ............

**കാ**ഴ്ചകൾക്ക് കണ്ണ് നൽകാനില്ലാതെ
പിന്തിരിയും മുമ്പ്
നീ പടിഞ്ഞാറോട്ട് നോക്കുക,
അവിടെ ആകാശം തുളച്ചുനിൽക്കുന്ന
മിനാരത്തിനു താഴെയായി
എന്റെ പിതാവുറങ്ങുന്നു
മൗലവി അബുസ്സബാഹ്..........
ഈ വഴികളുടെയെല്ലാം തുടക്കം
അവിടെ നിന്നാണ്........
പ്രതിബന്ധങ്ങളുടെ കിഴവൻകാറ്റ്
ഈ വെളിച്ചത്തിന്റെ കഴുത്ത്
ഞെരിക്കാനെത്തിയിട്ടും,
പ്രതീക്ഷയുടെ പുതിയ പുലരിക്ക്വേണ്ടി
രാവ് മുഴുവൻ ഉറങ്ങാതിരുന്ന സാന്നിധ്യം.........
വാക്കിനോടർത്ഥം എത്ര ചേർന്നിരിക്കുന്നുവോ,
അതിലുപരി എന്റെയും
നാടിന്റെയും
കടപ്പാട്
ആ ഖബറിടത്തോട് ചേർന്നിരിക്കുന്നു....
ഉയിർ തന്നെ പിതൃസാന്നിധ്യം....
അറിവ് നൽകിയ ഗുരുസാന്നിധ്യം....